പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4580

29/06/2012 ൽ
മറുപടിക്ക്

## മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം മാപ്പിളകലാ അക്കാഡമിയാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് വേണ്ടി ഈ സർക്കാർ അധികാരമേറ്റ ശേഷം ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ ;

(ബി) പ്രസ്തുത സ്മാരകത്തെ മാപ്പിളകലാ അക്കാഡമിയാക്കുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആയത് എന്ന് പ്രാവർത്തികമാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അക്കാഡമിയാക്കുന്നതോടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും ; വിശദമാക്കുമോ ?

**മറുപടി**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

(എ) & (ബി) മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന്റെ വാർഷിക ഗ്രാന്റ് അമ്പതിനായിരം രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് അനുവദിച്ച 2 ലക്ഷം രൂപ ഉപയോഗിച്ച് പത്തു ദിവസത്തെ മോയിൻകുട്ടി വൈദ്യർ മഹോത്സവം നടത്തി. കൂടാതെ മാപ്പിളകലകളുടെ 20 ദിവസത്തെ സൗജന്യ പരിശീലനവും നടത്തി. മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാഡമിയാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) എത്രയും വേഗം പ്രാവർത്തികമാക്കുന്നതാണ്.

(ഡി) മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ ഒരു മാപ്പിള കലാ അക്കാഡമിയായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. വിവിധ മാപ്പിളകലകളെ അന്യം നിന്ന് പോകാതെ സംരക്ഷിക്കുന്നതിനും പുതിയ തലമുറയെ പരിശീലിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. മാപ്പിളചരിത്രത്തെയും സാഹിത്യത്തെയും സംസ്കാരങ്ങളെയും കുറിച്ചുള്ള ഗവേഷണഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക. മാപ്പിളകലാ സംഗീതവിഷയങ്ങളിൽ വിവിധ കോഴ്സുകൾ ആരംഭിക്കുക, ദേശീയ അന്തർദേശീയ സെമിനാറുകൾ സംഘടിപ്പിക്കുക, ചരിത്ര സാംസ്കാരിക മ്യൂസിയം, റഫറൻസ് ലൈബ്രറി നവീകരണം, മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ പ്രശസ്ത മാപ്പിള കവികളുടെ സമ്പൂർണ്ണ കൃതികൾ പഠനസഹിതം പ്രസിദ്ധീകരിക്കുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മരണ നിലനിറുത്തുന്നതിനായി മാപ്പിളകലാ സംഗീത രംഗത്തെ സമഗ്ര സംഭാവനകൾക്കുള്ള പുരസ്കാരം ഏർപ്പെടുത്തുന്നതിനും കലോൽസവങ്ങൾ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ